# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.3350

25..06..2012 – ൽ ബഹു: ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
മറുപടി പറയേണ്ടത്

## ദേശീയ സമ്പാദ്യ പദ്ധതി ഏജൻറുമാരുടെ സേവനം വ്യാപിപ്പിക്കാൻ നടപടി

**ചോദ്യം**

ശ്രീ. സി.പി. മുഹമ്മദ്
ശ്രീ. ഹൈബി ഈഡൻ
ശ്രീ. റ്റി.എൻ. പ്രതാപൻ
ശ്രീ. സണ്ണി ജോസഫ്

**ഉ ത്തരം**

ശ്രീ. കെ.എം. മാണി,
ബഹു: ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| എ | ദേശീയ സമ്പാദ്യ പദ്ധതി ഏജൻറുമാരുടെ സേവനം വ്യാപിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | ഉണ്ട്. ഇവരുടെ സേവനം സാമൂഹിക സാമ്പത്തിക സെൻസസുകൾ, അടിസ്ഥാന വിവരശേഖരണ കാർഷിക വികസന പദ്ധതികൾ, പൊതുജനാരോഗ്യ സുരക്ഷ, വൈദ്യുതി, വെള്ളം മുതലായവയുടെ സംരക്ഷണം, ശുചിത്വം, സാമൂഹ്യ വനവൽക്കരണം മുതലായ മേഖലകളിൽ പ്രയോജനപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. |
| ബി | ഇവരുടെ സേവനം സർക്കാരിൻെറ സാമൂഹ്യ സേവന രംഗങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നകാര്യം പരിഗണിക്കുമോ? | |
| സി | ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം | ദേശീയ സമ്പാദ്യ പദ്ധതി ഏജൻറുമാരുടെ സേവനം സാമൂഹ്യ സേവന രംഗങ്ങളിലേയ്ക്കും വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 16.6.2012 ൽ സ.ഉ (സാധാ) നം.5933/2012/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിൻെറ പകർപ്പ് അടക്കം ചെയ്യുന്നു. |

R. [signature]

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - നാഷണൽ സേവിംഗ്സ് - ദേശീയ സമ്പാദ്യ പദ്ധതിയിലെ മഹിളാ പ്രധാൻ ഏജൻറുമാരെയും എസ്.എ.എസ് ഏജൻറുമാരെയും മറ്റ് മേഖലകളിലെ സേവനങ്ങൾക്കായി പ്രയോജനപ്പെടുത്തി ഉത്തരവാകുന്നു.

**ധനകാര്യ (ഭരണം-എ) വകുപ്പ്**

**സ.ഉ (സാധാ) നം.5933 /2012/ധന. തീയതി, തിരുവനന്തപുരം, 16.06.2012**

പരാമർശം:- 13.06.2012 ലെ മന്ത്രിസഭായോഗത്തിൻെറ നടപടിക്കുറിപ്പ് ഇനം. നം. 1828

**ഉത്തരവ്**

ഉയർന്ന വിദ്യാഭ്യാസയോഗ്യതയും പ്രവർത്തനശേഷിയുമുള്ള ദേശീയ സമ്പാദ്യ പദ്ധതിയിലെ മഹിളാപ്രധാൻ ഏജൻറുമാരും എസ്.എ.എസ് ഏജൻറുമാരും ഏകദേശം 95 ശതമാനത്തോളം ഭവനങ്ങളിൽ പ്രതിമാസം ഒരു തവണയെങ്കിലും സന്ദർശനം നടത്തുന്നുണ്ട്. അതിനാൽ ദേശീയ സമ്പാദ്യ സമാഹരണത്തോടൊപ്പം വികസന പ്രവർത്തനങ്ങളിലും സാമൂഹ്യസുരക്ഷ/സേവനമേഖലകളിലും സർക്കാർ നൽകി വരുന്ന വിവിധ സേവനങ്ങൾ വേഗത്തിലും കൃത്യതയോടുംകൂടി ജനങ്ങൾക്ക് നല്കുന്നതിന് അവരുടെ സേവനം പ്രയോജനപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുകയുണ്ടായി.

സാമൂഹിക-സാമ്പത്തിക സെൻസസ്സുകൾ, അടിസ്ഥാന വിവരശേഖരണം, കാർഷിക വികസന പദ്ധതികൾ, പൊതുജനാരോഗ്യസുരക്ഷ, വൈദ്യുതി, വെള്ളം മുതലായവയുടെ സംരക്ഷണം, ശുചിത്വം, സാമൂഹ്യവനവല്കരണം തുടങ്ങിയ മേഖലകളിൽ ദേശീയ സമ്പാദ്യ പദ്ധതി ഏജൻറുമാരുടെ സേവനം പ്രയോജനപ്പെടുത്താൻ സാധിക്കുന്നതാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻെറ അടിസ്ഥാനത്തിൽ ദേശീയ സമ്പാദ്യ പദ്ധതിയിലെ മഹിളാ പ്രധാൻ ഏജൻറുമാരെയും എസ്.എ.എസ് ഏജൻറുമാരെയും സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് മേഖലകളിലെ സേവനങ്ങൾക്കായി പ്രയോജനപ്പെടുത്താനും ഈ അധിക സേവനം അവരുടെ നിക്ഷേപ സമാഹരണ പ്രയത്നത്തിന് ആനുപാതികമായി നിശ്ചയിച്ച് മഹിളാ പ്രധാൻ ഏജൻറ്മാർക്ക് 5.25 ശതമാനം വരേയും എസ്.എ.എസ് ഏജൻറുമാർക്ക്

1.1 ശതമാനം വരേയും പ്രതിഫലം അനുവദിക്കാനും ഉത്തരവാകുന്നു. അവരുടെ സേവന പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും സേവനം വിലയിരുത്തി പ്രതിഫലം അനുവദിക്കുന്നതിനും നാഷണൽ സേവിംഗ്സ് ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം

**വി.പി. ജോയ്**

പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ്:

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്, തിരുവനന്തപുരം
എല്ലാ ദേശീയ സമ്പാദ്യ പദ്ധതി ജില്ലാ ഓഫീസർമാർക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

R. [signature]

സെക്ഷൻ ഓഫീസർ.